അത്യന്താധുനിക ജീവിതശൈലികളെ മാറോടണക്കുമ്പോഴും കാറ്റുകടക്കാത്ത, ഇടുങ്ങിയിരുണ്ട മനസുകളിലെ വികൃതമായ പുരാതന മൂല്യങ്ങളെ നവീകരിക്കാൻ തയ്യാറാകാത്തതാണ് ഇന്നത്തെ മലയാളിയുടെ ഏറ്റവും വലിയ പ്രതിസന്ധി. ഫലം ഉള്ളിൽ പഴമയുടെ മാറാപ്പ് സൂക്ഷിച്ച് പുറമേക്ക് ആധുനികനെന്ന് വിശേഷിപ്പിക്കേണ്ടി വരുന്ന ബാധ്യതയുടെ ഭാരവും സ്വന്തം കാപട്യങ്ങളെ ന്യായികരിക്കേണ്ട ചുമതലയും. ആധുനികതയിലേക്കുള്ള മത്സരയോട്ടത്തിൽ ഏറ്റവും തകർച്ച പറ്റിയത് മാതൃഭാഷയ്ക്കാണ്. ഈ സാഹചര്യത്തിൽ മാതൃഭാഷയെന്ന നിലയിൽ മലയാളത്തെ എങ്ങനെ പൊതുജീവിതത്തിലും വിദ്യാഭ്യാസത്തിലും ഭരണത്തിലും നിലനിർത്താനും വികസിപ്പിക്കാനും കഴിയുമെന്ന് ശ്രമിക്കുകയാണ് മലയാള ഐക്യവേദി

# മാറുന്ന മലയാളി മറക്കുന്ന മലയാളം

കെ.ആർ. അജിതൻ

പോയനൂറ്റാണ്ടിന്റെ അവസാനദശകത്തോടെ കൂടുതൽ ലളിതമായ വ്യോമസഞ്ചാരസൗകര്യങ്ങൾ, പൊതുവേ അന്വേഷിയായ മലയാളിയെ പുതിയ രാജ്യങ്ങളിൽ വ്യത്യസ്തങ്ങളായ തൊഴിലുകളും സാഹചര്യങ്ങളും കണ്ടുപിടിക്കാൻ സഹായിച്ചു എന്നത് ഒരു വസ്തുതയാണ്. മലയാളിയുടെ പ്രവാസം പക്ഷേ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലേ തുടങ്ങിയതാണ്. ചുറ്റുപാടുകൾ എത്ര സങ്കീർണ്ണമായിരുന്നാലും അവയെ മത്സര ബുദ്ധിയോടും ലക്ഷ്യവേധിയുമായി നേരിടാനുള്ള മലയാളിയുടെ കഴിവ് പണ്ടേ ഖ്യാതി നേടിയിട്ടുള്ളതാണല്ലോ. പ്രതിസന്ധിഘട്ടങ്ങളെ സ്പോർട്സ്മാൻ സ്പിരിറ്റോടെ മലയാളി കീഴടക്കുമ്പോൾ തന്നെ വിദേശ സാഹചര്യങ്ങളിലെ സുഖവാസസൗകര്യങ്ങളുമായി ഒത്തുതീർപ്പിലെത്തി ശിഷ്ടജീവിതം അങ്ങോട്ടു തന്നെ പറിച്ചു നടുന്ന ഒരു പാടു മലയാളികളെ നമുക്കു കാണാം നിത്യജീവിതത്തിൽ മലയാളിയുടെ തനിമ പുതിയ സാഹചര്യങ്ങളിലേക്ക് മൊഴിമാറ്റം ചെയ്തതോടൊപ്പം തന്നെ വിദേശ ശൈലികൾ തിരിച്ചും സ്വീകരിക്കേണ്ടി വന്നിട്ടുണ്ട്. തികച്ചും സ്വാഭാവികമായി സംഭവിച്ചേക്കാനിടയുള്ള ഈ പരിണതി പക്ഷേ കേരളീയനിൽ മാത്രമാണം വ്യാപകമായി പടർന്നു പിടിച്ചത് എന്ന് ശ്രദ്ധിക്കുക. ദ്രാവിഡനും തെലുങ്കനും കന്നഡിഗയും തനിമയുടെ ക്ലാസിക്കൽ മാതൃകകളുമായി നഗര ആധുനികതകളിലും ഇപ്പോഴും അന്തസായി കഴിഞ്ഞുപോകുന്നതു കാണാം. മലയാളിക്കു സംഭവിച്ച ഈ ഭാഷാന്തരീകരണം കേരളത്തിന്റെ മുഴുവൻ പൊതുസമൂഹസ്വഭാവങ്ങളെയും ഗാഢമായി മാറ്റിമറിച്ചിരിക്കുന്നു. വിദേശവാസനകളെ ആനന്ദത്തോടെ ആസ്വദിയ്ക്കുന്ന കാര്യത്തിൽ സ്വദേശികളും ആനുപാതികമായി അതിന് നിർബന്ധമാക്കപ്പെടുന്നുവെന്നതാണ് സത്യം. മൂന്നരക്കോടി ജനങ്ങൾക്കിടയിലേക്ക് കേരളത്തിന്റെ വാർഷിക പദ്ധതിയോളം വരുന്ന തുക വിദേശനാണ്യമായി വന്നു ചേരുമ്പോൾ വിദേശത്തു പോകാത്ത കേരളീയനും ജീവിതശൈലിയെ അന്താരാഷ്ട്ര മാറ്റങ്ങൾക്ക് കീഴടങ്ങുന്നത് സ്വാഭാവികം.

സമൂഹം മാറുന്ന കാലത്തിനനുസരിച്ച് ലഭ്യമായ വിഭവങ്ങളെ ഉപജീവിച്ച് സ്വയം നവീകരിക്കപ്പെടുക എന്നത് പ്രകൃതിനിയമമാണ്. എന്നാൽ അത്യന്താധുനിക ജീവിതശൈലികളെ മാറോടണക്കുമ്പോഴും കാറ്റുകടക്കാത്ത, ഇടുങ്ങിയിരുണ്ട മനസുകളിലെ വികൃതമായ പുരാതന മൂല്യങ്ങളെ നവീകരിക്കാൻ തയ്യാറാകാത്തതാണ് ഇന്നത്തെ മലയാളിയുടെ ഏറ്റവും വലിയ പ്രതിസന്ധി. ഫലം ഉള്ളിൽ പഴമയുടെ മാറാപ്പ് സൂക്ഷിച്ച് പുറമേക്ക് ആധുനികനെന്ന് വിശേഷിപ്പിക്കേണ്ടി വരുന്ന ബാധ്യതയുടെ ഭാരവും സ്വന്തം കാപട്യങ്ങളെ ന്യായികരിക്കേണ്ട ചുമതലയും. മലയാളിയുടെ വസ്ത്രം, ഭക്ഷണം, മറ്റു ശീലങ്ങൾ എന്നിവയിലേക്കൊന്ന് കണ്ണോടിച്ചാൽ ഈ വസ്തുത മനസസിലാകും. എന്നാൽ ആധുനികതയിലേക്കുള്ള മത്സരയോട്ടത്തിൽ ഏറ്റവും തകർച്ച പറ്റിയത് മാതൃഭാഷയ്ക്കു തന്നെയെന്നത് തർക്കമറ്റ സംഗതിയാണ്.

മാതൃഭാഷാപഠനം രണ്ടാംതരമോ മൂന്നാംതരമോ ആണെന്നും ആംഗലമാണ് ഏറ്റവും പ്രധാനമെന്നും ഉള്ള വാദഗതി സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ളവരിൽ പോലും സ്ഥാനം പിടിച്ചു. ഇംഗ്ളീഷില്ലെങ്കിൽ ഒന്നുമില്ല എന്ന്, പണ്ട് സ്കൂളിന്റെ പടി കാണാത്തവർ പോലും അപ്തവാക്യമാക്കി. തീർച്ചയായും ഈ വാദത്തിന് ഭരണപരവും വിദ്യാഭ്യാസപരവുമായ കഴിവുകേടുകള് കൂട്ടു നിന്നിട്ടുണ്ടാകാം. എന്നാൽ മലയാള ഐക്യവേദി ശ്രമിക്കുന്നത് മാതൃഭാഷയെന്ന നിലയിൽ മലയാ


ഉത്തെ എങ്ങനെ പൊതുജീവിതത്തിലും വിദ്യാഭ്യാസത്തിലും ഭരണത്തിലും നിലനിർത്താനും വികസിപ്പിക്കാനും കഴിയുമെന്നാണ്. ജനുവരി ഒമ്പതിന് സംഘടിപ്പിച്ച തൃശൂർ ജില്ലാതല കൂട്ടായ്മ പ്രസിദ്ധീകരിച്ച നയരേഖ, അധിനിവേശത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന മാതൃഭാഷകളുടെ ജനാധിപത്യപരമായ അവകാശങ്ങൾക്കുവേണ്ടി ഇടപെടാനും തയ്യാറാണെന്ന് സൂചിപ്പിക്കുന്നു. ഇതിനു വേണ്ടി വിവിധ ഉപസമിതികളെ രൂപീകരിച്ച് മേഖലകളാക്കിത്തിരിച്ച് ബഹുതല പ്രവർത്തനങ്ങളുദ്ദേശിക്കുന്നുണ്ട്. വിവരസാങ്കേതിക വിദ്യ, ശാസ്ത്രമലയാളവേദി, മാധ്യമവേദി എന്നിവ അതിൽ ചിലതു മാത്രം. സ്കൂൾ കോളേജ് തലത്തിൽ ഭാഷാവിപുലീകരണത്തിനുള്ള അനന്തസാധ്യതകൾ മലയാള ഐക്യവേദി തിരിച്ചറിയുന്നുണ്ട്. ഭാഷ, ആശ്യവിനിമയത്തിനുള്ള മാർഗ്ഗമാണെന്ന നിർവചനം ഏറ്റവും ലഘൂകരിക്കപ്പെട്ട കുറ്റകരമായ കണ്ടെത്തലാണ്. മാതൃഭാഷയെ ഇത്രയും അവജ്ഞയോടെ വീക്ഷിക്കുന്ന മറ്റൊരു സമൂഹമുണ്ടോയെന്ന് സംശയമാണ്. ഇവിടെ പുനർനിർണ്ണയിക്കേണ്ടത് മാതൃഭാഷ എന്ന നിലയിൽ മലയാളത്തിന്റെ സ്ഥാനമാണ്. അതേസമയം ലോകത്തിലെ ഒരു പ്രാധാന ഭാഷയ്ക്കെതിരെ പോലും വാളോങ്ങുന്നത് ആരോഗ്യകകരമാവില്ല. കുടുംബാംഗങ്ങൾക്കിടയിലെ സംസാരത്തിനു പോലും മലയാളത്തെ ഒഴിവാക്കിയ വിഡ്ഢികളെ കേരളത്തിൽ കാണാം.

കേരളീയ സമൂഹം ഇക്കാലമത്രയും നേടിയെടുത്ത നൈതികവും രാഷ്ട്രീയവുമായ എല്ലാ പൈതൃകങ്ങളും കൈമാറ്റം ചെയ്യപ്പെടേണ്ടത് മാതൃഭാഷയിൽ തന്നെയാണ്. മലയാളം ജീർണ്ണിച്ചു പോകുമ്പോൾ നഷ്ടപ്പെടുന്നത്, ഇതപര്യന്തമായുണ്ടാക്കിയെടുത്ത മൂല്യങ്ങൾ തന്നെയാണ്. അതുകൊണ്ട് നമ്മുടെ ഭാഷയ്ക്ക് നഷ്ടപ്പെടുന്ന പ്രസക്തിയെ എങ്ങനെ തിരിച്ചുപിടിയ്ക്കാം എന്നതാണ് ഈ കൂട്ടായ്മ ചർച്ച ചെയ്തത്. അത് വർഷത്തിൽ ഒരാഴ്ച ഭരണഭാഷാ ആചരണത്തിൽ ഒതുങ്ങുന്നതല്ല. മറിച്ച്. ഭരണഭാഷ എന്ന നിലയിലും പഠനമാധ്യമമെന്ന നിലയിലും മലയാളത്തെ പ്രോത്സാഹിപ്പിച്ച് ജനങ്ങളിലേക്ക് പകർന്ന് അവരുടെ കാഴ്ചപ്പാടിനെത്തന്നെ മാറ്റിയെടുക്കാനാണ് ലക്ഷ്യമാക്കുന്നത്. ഇതിനായി പ്രൈമറിതലം മുതൽ സർവകലാശാല തലം വരെ പഠനമാധ്യമം മലയാളമാക്കുകയും ഗവേഷണ പ്രബന്ധങ്ങൾ ഉൾപ്പെട്ടെ മലയാളത്തിൽ എഴുതാനുള്ള സാഹചര്യം ഒരുക്കുകയും വേണം. തീർച്ചയായും, നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കുക എളുപ്പമല്ല. പദക്ഷ അതിന് കറുക്കുവഴികളുമില്ല. സുദീർഘവും കെട്ടുറപ്പുള്ളതുമായ പ്രവർത്തനം ആതാവശ്യപ്പെടുന്നുണ്ട്. അക്കാഡമീഷ്യൻമാരും സൈദ്ധാന്തികർക്കുമുപരി സാധാരണക്കാർക്ക് എത്രത്തോളം ഈ പ്രചരണ പരിപാടികളിൽ ഭാഗഭാക്കാകാൻ കഴിയും എന്നതാണ് ഇവിടെ നിർണ്ണായകഘടകം.

ഇതുപ്രകാരം താഴെപ്പറയുന്ന പരിപാടികൾ നടത്താനാണ് ഈ വർഷം മലയാളഐക്യവേദി പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

1. 1969ലെ ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നിയമത്തിനു ശേഷം ഭരണഭാഷയെന്ന നിലയിൽ നിലവിലുള്ള നിയമങ്ങൾ മനസിലാക്കുകയും ആ നിയമങ്ങൾ തന്നെ എത്രത്തോളം പാലിക്കപ്പെടുന്നുണ്ടെന്ന് നിർണ്ണയിക്കുകയും ചെയ്യുക. മലയാളത്തിന്റെ ഉപയോഗം ഓരോ ഭരണവകുപ്പിലും പ്രദേശത്തും എത്രത്തോളമെന്ന് പ്രാദേശികവേദികൾ ആരായുകയും വിലയിരുത്തുകയും ചെയ്യുക.
2. ഭരണഭാഷാ പുരോഗതിക്കു വേണ്ടി ജില്ലാ- താലൂക്ക് തലങ്ങളിലുള്ള സർക്കാർ അവലോകന സമിതികളുടെ പ്രവർത്തന കാര്യക്ഷമത വിലയിരുത്തുക.
3. ഭരണഭാഷ എന്ന നിലയിൽ മലയാളം ഇനിയും വികസിക്കേണ്ട മേഖലകൾ നിർണ്ണയിക്കുകയും അതിനായി ശ്രമിക്കുകയും ചെയ്യുക.
4. നവം. ഒന്നിനു മുഖ്യമന്ത്രി പ്രഖ്യാപിച്ച തരത്തിൽ മലയാള ഭാഷയിൽ എഴുതാനും വായിക്കാനും കഴിയുന്നവർക്കു മാത്രം പി.എസ്.സി. യോഗ്യത എന്ന മാനദണ്ഡം എത്രയും പെട്ടന്ന് നടപ്പിലാക്കുന്നതിന് സമ്മർദ്ദം ചെലുത്തുക.
5. സ്കൂൾ തലത്തിലെ മാതൃഭാഷാ പഠനത്തെ സംബന്ധിച്ച ചർച്ച സംഘടിപ്പിക്കുകയും നയം രൂപീകരിക്കുകയും ചെയ്യുകക.
6. മലയാളം പഠനമാധ്യമമായുള്ള പ്രഖ്യാപിത മലയാളം സർവകലാശാല സ്ഥാപിച്ചു കിട്ടുന്നതിനു ശ്രമിക്കുക.
7. ബിരുദ പുനഃസംഘടനയുമായി ബന്ധപ്പെട്ടു വന്ന വിമർശനങ്ങളും ചർച്ചകളും മുൻനിർത്തി ഒരു നയം രൂപീകരിക്കുക. അതിനെ മുൻനിർത്തി സർവകലാശാല തലങ്ങളിലെ അക്കാഡമിക് സമിതികൾ മുമ്പാകെ നിർദ്ദേശങ്ങൾ വെക്കുക.
8. ബിരുദ പുനഃസംഘടനയുമായി ബന്ധപ്പെട്ടു വന്ന ചർച്ചാ ലേഖനങ്ങൾ ക്രോഡീകരിക്കുക.
9. വിദ്യാഭ്യാസ ഭരണഭാഷാ സംബന്ധമായ ഇന്നോളമുള്ള ഇടപെടലുകളുടെ ചരിത്രം ക്രോഡീകരിച്ച് പുസ്തകമായി പ്രസിദ്ധീകരിക്കുക.
10. മാതൃഭാഷയ്ക്കായി ചരിത്രത്തിൽ നടന്ന ഇടപെടലുകളും ചർച്ചകളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ശ്രമിക്കുക.

*ബന്ധങ്ങൾക്ക് : 9847038805*



## ഗ്രന്ഥകർത്താകളുടേയും പ്രസാധാകരുടേയും ശ്രദ്ധയ്ക്ക്

കേരളീയത്തിന് സാമൂഹ്യവിഷയങ്ങളിൽ പഠനം, വിശകലനം, അനുഭവവിവരണം... ഉള്ളടങ്ങിയ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നതിനും ആസ്വാദനത്തിനും ആവശ്യമുണ്ട്. രണ്ട് കോപ്പികൾ വീതം അയക്കുക.

പത്രാധിപർ, കേരളീയം
കൊക്കാലെ, തൃശൂർ–21